മറ്റു ജില്ലകളിൽ സൃഷ്ടിച്ച തസ്തികകളുടേയും സംഘം തിരിച്ചുള്ളവയുടേയും വിവരം ലഭ്യമായിട്ടില്ല. കൂടാതെ സംസ്ഥാനാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളിലായി 11 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ ആൻഡ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സഹകരണ സംഘം ക്ലിപ്തം നം. 4436—

മാനേജിംഗ് ഡയറക്ടർ	1
അക്കൗണ്ടൻറ്	1
ജൂനിയർ ക്ലാർക്ക്	1
അറൻഡർ	1
സെക്യൂരിറ്റി	1
ആകെ	5

2. അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്—

മാനേജിംഗ് ഡയറക്ടർ	1
ജനറൽ മാനേജർ	1
പ്രോജക്ട് മാനേജർ	1
സെക്രട്ടറി/മാനേജർ	1
പ്യൂൺ	1
ആകെ	5

3. കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നം. 4440—

മാനേജിംഗ് ഡയറക്ടർ (ഡെപ്യൂട്ടേഷൻ)	1

(ഡി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 80 ഉപവകുപ്പ് 4-ൽ സംവരണതത്വം പാലിക്കുവാൻ വ്യവസ്ഥയുണ്ട്. എന്നിരുന്നാലും നിയമമനുസരിച്ചുള്ള സംവരണതത്വം പാലിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്.

ലിക്വിഡേറ്റ് ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾ

101 [2970] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരം ഏറ്റെടുത്തശേഷം വിവിധ മേഖലകളിൽ പുതുതായി എത്ര സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) എത്ര സഹകരണ സ്ഥാപനങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്; എങ്കിൽ എന്തു കാരണത്താലാണ് അവ ലിക്വിഡേറ്റ് ചെയ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1063 പുതിയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	106
2	കൊല്ലം	109
3	പത്തനംതിട്ട	32
4	ആലപ്പുഴ	25
5	കോട്ടയം	65
6	ഇടുക്കി	50
7	എറണാകുളം	86
8	തൃശ്ശൂർ	128
9	പാലക്കാട്	51
10	മലപ്പുറം	104
11	കോഴിക്കോട്	94
12	വയനാട്	20
13	കണ്ണൂർ	143
14	കാസർഗോഡ്	50
	ആകെ	1063

(ബി) 482 സഹകരണ സ്ഥാപനങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തനരഹിതമായതും പുനരുദ്ധരിക്കാൻ സാദ്ധ്യതയില്ലാത്തതുമായ സംഘങ്ങളാണ് ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.

സഹകരണ മേഖലയിലുള്ള ബോർഡ്, ഫെഡറേഷൻ എന്നിവ

102 [2971] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ ഏതൊക്കെ ബോർഡ്, ഫെഡറേഷൻ എന്നിവ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഭരണവാഹികം, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോർഡ്, ഫെഡറേഷൻ എന്നിവകളുടെ പ്രവർത്തന പരിധി, ലക്ഷ്യം എന്നിവ വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനങ്ങളിലെല്ലാമായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ഇ) നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് സർക്കാരിൽനിന്ന് എത്ര സംഖ്യ സഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly